# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 946** **20/03/2012 ൽ മറുപടിക്ക്**

## ആർ.എം.എസ്.എ. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ: | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ആർ. എം. എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന-ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതിയുടെ പ്രവർത്തനം വിശദമാക്കാമോ ; | എ) സംസ്ഥാന ജില്ലാ തലങ്ങളിൽ ആർ.എം.എസ്.എയുടെ പ്രവർത്തനങ്ങൾക്കായി സെക്കന്ററി എഡ്യൂക്കേഷൻ ഡവലപ്മെന്റ് സൊസൈറ്റി ഓഫ് കേരള എന്ന പേരിൽ സമിതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ആർ.എം.എസ്.എ.യുടെ ഭാഗമായി അദ്ധ്യാപകർക്ക് തത്സമയ പിന്തുണയും പരിശീലനങ്ങളും നടത്തുന്നുണ്ടോ; | ബി) ആർ.എം.എസ്.എയുടെ ഭാഗമായി അദ്ധ്യാപക പരിശീലനങ്ങൾക്കുള്ള തുക നിലവിൽ നടത്തുന്ന ക്ലസ്റ്റർ പരിശീലനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. തത്സമയ പിന്തുണയ്ക്ക് ആവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചിട്ടില്ല. |
| സി) പദ്ധതി ആരംഭിച്ച ശേഷം വർഷംതോറും എത്രതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | സി) കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ 2009-10 ൽ 19.03 കോടി രൂപയും 2010-11 ൽ 7.64 കോടി രൂപയും 2011-12 ൽ 5.12 കോടി രൂപയുമായി ആകെ 31.79 കോടി രൂപയാണ് ചെലവഴിച്ചത്. |
| ഡി) ആർ.എം.എസ്.എ.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ ? | ഡി) ഉണ്ട്. 2009-10, 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 47.78 കോടി രൂപയുടെയും 122.03 കോടി രൂപയുടെയും, 172.37 കോടി രൂപയുടെയും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയെങ്കിലും 2009-10 വർഷത്തിൽ 18.22 കോടി രൂപ കേന്ദ്ര വിഹിതമായും 6.07 |

(.......2)

കോടി രൂപ സംസ്ഥാന വിഹിതമായും 2010-11 വർഷത്തിൽ 5.84 കോടി രൂപ കേന്ദ്ര വിഹിതമായും 1.96 കോടി സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ആർ.എം.എസ്.എ.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമതിയുടെ പ്രവർത്തനങ്ങൾ:

- പദ്ധതി നടപ്പിലാക്കുന്നതിനും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.
- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ആവശ്യമെങ്കിൽ വിനിയോഗിച്ചുകൊണ്ട്, പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഭരണതല പ്രവർത്തനങ്ങൾ സൃഷ്ടിക്കുക.
- പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ജില്ലാ സമിതികളും മറ്റു അനുയോജ്യമായ മറ്റു സംവിധാനങ്ങളും രൂപീകരിച്ച്, തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അധികാരം നൽകുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, അദ്ധ്യാപകർ, വിദ്യാഭ്യാസ പുരോഗതിയിൽ താൽപര്യമുള്ള വ്യക്തികൾ എന്നിവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുക.
- ജനങ്ങൾക്ക് ആവശ്യമായ പരിശീലനവും, ബോധവത്ക്കരണവും നൽകി ഉചിതമായ ഘടകങ്ങൾ സൃഷ്ടിച്ച്, സെക്കന്ററി വിദ്യാഭ്യാസത്തിൽ ഫലപ്രദമായ അധികാര വികേന്ദ്രീകരണം കൊണ്ടുവരുക.
- സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അദ്ധ്യാപകരുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തുക.
- സെക്കന്ററി വിദ്യാഭ്യാസത്തിൽ നൂതനവും പ്രായോഗികവുമായ പരിപാടികൾ ഏറ്റെടുക്കുക.
- സെക്കന്ററി വിദ്യാഭ്യാസവും അതിന്റെ ഭരണനിർവഹണവും സംബന്ധിച്ചുള്ള പഠനങ്ങൾക്ക് പ്രോത്സാഹനം നൽകുക.
- നിലവിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പുവരുത്തുക.
- സെക്കന്ററി വിദ്യാഭ്യാസ പരിപാടികൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ സംസ്ഥാന സർക്കാരിനും പൊതുവിദ്യാഭ്യാസ വകുപ്പിനും നൽകുക.
- പദ്ധതിയെ സംബന്ധിച്ച് കോൺഫറൻസുകൾ, സിംപോസിയം, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കുക.
- സൊസൈറ്റിയിൽ ആവശ്യമായ അക്കാദമിക്, ടെക്നിക്കൽ, അഡ്മിനിസ്ട്രേറ്റീവ്, മാനേജർ തസ്തികകൾ സൃഷ്ടിക്കുകയും സൊസൈറ്റിയുടെ നിയമാവലിക്കനുസൃതമായുള്ള പ്രതിഫലം നൽകുകയും ചെയ്യുക.
- കാലാകാലങ്ങളിൽ സൊസൈറ്റിയുടെ ഇടപാടുകൾക്ക് ആവശ്യമായി വരുന്ന ചട്ടങ്ങളും വ്യവസ്ഥകളും, തയ്യാറാക്കുകയോ, ഭേദഗതി വരുത്തുകയോ, റദ്ദാക്കുകയോ ചെയ്യുക.
- ബജറ്റിനുള്ളിൽ നിന്നുകൊണ്ട് സൊസൈറ്റിയുടെ സമ്പദ്‌വ്യവസ്ഥയ്ക്കും യോഗ്യതയ്ക്കും അനുസരിച്ചുള്ള ചെലവുകൾ നിർവ്വഹിക്കുക.
- സൊസൈറ്റിയുടെ വാർഷിക വരവു-ചെലവു കണക്കുകളും റിപ്പോർട്ടുകളും തയ്യാറാക്കുക.
- പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ സ്ഥാവര ജംഗമ വസ്തുക്കളോ, കെട്ടിടങ്ങളോ വാങ്ങുകയോ, വാടകയ്ക്കെടുക്കുകയോ, കൈമാറ്റം നടത്തുകയോ ചെയ്യുക.
- സംസ്ഥാനത്ത് സെക്കന്ററി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ മികച്ച സൗകര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാരുമായും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കുക.
- മാനേജുമെന്റ് ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കുകയും, സെക്കന്ററി വിദ്യാഭ്യാസത്തിന്റെ വിവരങ്ങൾ വർഷാവർഷം പുതുക്കുകയും ചെയ്യുക.